തദ്ദേശസ്വയംഭരണവും ജനാധികാരത്തിന്റെ സാധ്യതകളും

# ജനകീയ സമരങ്ങളുടെ തെരഞ്ഞെടുപ്പ് അജണ്ടകൾ

തദ്ദേശ തെരഞ്ഞെടുപ്പിൽ പങ്കെടുത്തുകൊണ്ട് തങ്ങളുടെ സമരശബ്ദമുയർത്താൻ നിരവധി ജനകീയ പ്രക്ഷോഭങ്ങളും പ്രസ്ഥാനങ്ങളും മുന്നോട്ടു വന്നിട്ടുണ്ട്. 'വികസനം' ഒരു പൊതു മുദ്രാവാക്യമായി ഏറ്റുപാടി എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രചരണത്തിൽ സജീവമാകുമ്പോൾ ആ വികസനത്തിന് വിമർശനവുമായി, തങ്ങളുടെ ദുരനുഭവങ്ങളെ പൊതുനന്മ ലക്ഷ്യമാക്കി ചർച്ചയ്ക്കുവയ്ക്കുകയാണ് ഈ സമരങ്ങൾ

**കേരളീയം വാർത്താശൃംഖല**

**തെരഞ്ഞെടുപ്പുകൾ** തീക്ഷ്ണമായ രാഷ്ട്രീയ സംവാദങ്ങൾ രൂപപ്പെടുന്ന വേദികളായതിനാൽ തന്നെ ഈ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പും ശക്തമായ പ്രചരണായുധമാക്കുകയാണ് പരിസ്ഥിതി സംരക്ഷണത്തിനും അതിജീവനത്തിനുമായി കേരളത്തിലെമ്പാടും നടക്കുന്ന ജനകീയ സമരങ്ങൾ. കേന്ദ്ര-സംസ്ഥാന സർക്കാരുടെ നയപരമായ തീരുമാനങ്ങളാണ് മിക്ക സമരങ്ങൾക്കും കാരണമെങ്കിലും വികേന്ദ്രീകൃതാധികാരങ്ങൾ ഏറെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും ഈ സമരങ്ങൾ പരിഹരിക്കുന്നതിനുള്ള വിപുലമായ സാധ്യതകൾ തുറന്നുകിടപ്പുണ്ട്. എന്നാൽ ഇത്തരം അധികാരങ്ങൾ ജനോപകാരപ്രദമായി ഉപയോഗിക്കുന്നതിൽ കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ തദ്ദേശീയ സർക്കാരുകൾ പരാജയപ്പെടുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനായി പഞ്ചായത്തീരാജ് നിയമത്തിന്റെ അധികാരങ്ങൾ ഉപയോഗപ്പെടുത്തുകയോ വിപുലപ്പെടുത്തുകയോ ചെയ്യാതെ മൂലധന താത്പര്യങ്ങളുടെ സംരക്ഷകരായി മാറിയിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനകീയ സമരങ്ങളോട് നിഷേധാത്മക നിലപാടാണ് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുത്തുകൊണ്ട് തങ്ങളുടെ സമരശബ്ദമുയർത്താൻ നിരവധി ജനകീയ പ്രക്ഷോഭങ്ങളും പ്രസ്ഥാനങ്ങളും മുന്നോട്ടുവന്നിട്ടുണ്ട്. 'വികസനം' ഒരു പൊതു മുദ്രാവാക്യമായി ഏറ്റുപാടി, എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രചരണത്തിൽ സജീവമാകുമ്പോൾ ആ വികസനത്തിന് വിമർശനവുമായി, തങ്ങളുടെ ദുരനുഭവങ്ങളെ, പൊതുനന്മ ലക്ഷ്യമാക്കി ചർച്ചയ്ക്കുവയ്ക്കുകയാണ് ഈ സമരങ്ങൾ. പ്രക്ഷോഭ മുന്നണിയിൽ നിന്നുള്ള ഒട്ടേറെപ്പേർ സ്വതന്ത്രരായും സംഘടിതരായും മത്സരരംഗത്തുണ്ട്. അതിൽ ചിലരുടെ വിശേഷങ്ങൾ മാത്രം കുറിച്ചുകൊണ്ട് സമരങ്ങളുടെ തെരഞ്ഞെടുപ്പ് അജണ്ടകൾ പരിചയപ്പെടുത്തുകയാണ് കേരളീയം.

**വിളപ്പിൽശാല**

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിലെ ജനങ്ങൾ അവരുടെ നാട്ടിൽ സ്ഥാപിച്ച മാലിന്യകേന്ദ്രത്തിനെതിരായി നടത്തുന്ന സമരം 12 വർഷം പിന്നിട്ടിരിക്കുകയാണ്. വിളപ്പിൽശാല ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഈ സമരത്തിനോട് രാഷ്ട്രീയ പാർട്ടികൾ കാണിക്കുന്ന അവഗണനയ്ക്കെതിരെ എല്ലാ



വിളപ്പിൽശാല സമരത്തിൽ നിന്നും

വാർഡുകളിലും സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുകയാണ് ജനകീയ സമിതി. വിളപ്പിൽശാല മാലിന്യസംസ്കരണ പ്ലാന്റ് മാറ്റി സ്ഥാപിക്കണമെന്നും പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം പഴയ അവസ്ഥയിലാക്കണമെന്നും ഇതിനായുള്ള ചെലവ് തിരുവനന്തപുരം നഗരസഭ വഹിക്കണമെന്നും ദേശീയ ഹരിത ട്രിബ്യൂണലിന്റെ ചെന്നൈ ബഞ്ച് 2015 സെപ്തംബർ 30ന് ഉത്തരവിട്ടിരുന്നു. സംയുക്ത സമര സമിതി സമർപ്പിച്ച ഹർജിയിൽ വന്ന ഈ ഉത്തരവ് വിളപ്പിൽശാല സമരത്തിന് ഉണർവായി മാറിയ സന്ദർഭത്തിലാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പും വരുന്നത്. ഹരിത ട്രിബ്യൂണലിന്റെ വിധിയിൽ തുടർനടപടികൾ ഉണ്ടാകണമെങ്കിൽ സമരത്തിന്റെ പ്രതിനിധികൾ പഞ്ചായത്ത് ഭരണസമിതിയിലും വരണമെന്ന തീരുമാനത്തിലാണ് വിളപ്പിൽശാല ജനകീയ സമിതി സ്ഥാനാർത്ഥികളെ നിർത്താൻ തീരുമാനിച്ചത്. ജനകീയ സമിതിയുടെ നേതൃത്വത്തിൽ വർഷങ്ങളായി നടക്കുന്ന സമരത്തിന്റെ ഫലമായി കഴിഞ്ഞ നാല് വർഷമായി മാലിന്യകേന്ദ്രം അടഞ്ഞുകിടക്കുകയാണ്.

തിരുവനന്തപുരം നഗരസഭയിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി 1990കളുടെ മധ്യത്തിൽ അന്നത്തെ മേയർ വി. ശിവൻകുട്ടി നേതൃത്വം നൽകുന്ന ഭരണസമിതിയാണ് 12 ഏക്കർ സ്ഥലം വിളപ്പിൽശാലയിൽ വാങ്ങുന്നത്. തിരുവനന്തപുരം നഗരത്തിലെ മാലിന്യങ്ങൾ സ്ഥിരമായി വിളപ്പിൽശാലയിൽ തള്ളാൻ തുടങ്ങിയതോടെ പ്രദേശവാസികളുടെ ജീവിതം നരകതുല്യമായി. നദികളും കിണറുകളുമടക്കമുള്ള ജലസ്രോതസ്സുകൾ മലിനമായി. 2001ൽ സ്ത്രീകളും കുട്ടികളും ഉൾപ്പടെ ആയിരക്കണക്കിന് ആളുകൾ അണിനിരന്ന സമരം നടന്നു. എന്നാൽ ഈ സമരം അടിച്ചമർത്തപ്പെടുകയും മാലിന്യവണ്ടികൾ വീണ്ടും ചവറുമായി എത്തുകയും ചെയ്തു. മാലിന്യം നിക്ഷേപിക്കാൻ വീണ്ടും 100 ഏക്കറും തുടർന്ന് 400 ഏക്കറും വാങ്ങാൻ തിരുവനന്തപുരം നഗരസഭ നീക്കം തുടങ്ങിയപ്പോഴാണ് ജനകീയ സമിതി രൂപീകരിച്ച് സമരം ശക്തമാക്കുന്നത്. 2011 ജനുവരിയിൽ നെടുങ്കുഴിയിൽ സ്ഥാപിച്ച സമരപ്പന്തലിൽ റിലേ നിരാഹാര സമരം തുടങ്ങി. 2011 സെപ്തംബർ മുതൽ മാലിന്യ ലോറികൾ തുടർച്ചയായി തടയപ്പെട്ടു. എന്നിട്ടും പദ്ധതി ഉപേക്ഷിക്കാൻ നഗരസഭ തയ്യാറായില്ല. 2012 ആഗസ്റ്റ് 3ന് പോലീസ് നടപടിയുണ്ടാകുമെന്ന ഭീഷണിയെപ്പോലും മറികടന്ന് പ്ലാന്റിലേക്ക് പുതിയ ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള ശ്രമം നൂറുകണക്കിന് ജനങ്ങൾ തടിച്ചുകൂടി തടഞ്ഞു. അന്നു മുതൽ വിളപ്പിൽശാല പ്ലാന്റ് അടച്ചുകിടക്കുകയാണ്. അതിനിടയിൽ നൽകിയ കേസിലാണ് ഇപ്പോൾ ഹരിത ട്രിബ്യൂണലിന്റെ അനുകൂല വിധി സമരത്തിന് ലഭിച്ചിരിക്കുന്നത്. എന്നാൽ തിരുവനന്തപുരം നഗരസഭ അപ്പീലുമായി മേൽക്കോടതിയെ സമീപിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. മാലിന്യങ്ങൾ വിളപ്പിൽശാലയിൽ നിന്നും നീക്കം ചെയ്യുന്നതിന് നഗരസഭ തന്നെ ഒരു കർമ്മസേനയെ നിയോഗിക്കണം എന്നാണ് കോടതി പറഞ്ഞത്. എന്നാൽ നഗരസഭയുടെ നേതൃത്വത്തിൽ ഒരു പ്രവർത്തനവും നടക്കില്ലെന്നതാണ് വിളപ്പിൽശാലക്കാരുടെ അനുഭവം. അതുകൊണ്ട് ഹരിത ട്രിബ്യൂണൽ വിധിയുടെ പശ്ചാത്തലത്തിൽ വിളപ്പിൽശാലയിലെ മാലിന്യസംസ്കരണ കേന്ദ്രം അടച്ചുപൂട്ടി ഉത്തരവ് പുറപ്പെടുവിക്കണം എന്നതാണ് ഇപ്പോൾ ജനകീയ സമിതി ആവശ്യപ്പെടുന്നത്. ഇക്കാര്യങ്ങൾ സംസാരിക്കുന്നതിനായാണ് തെരഞ്ഞെടുപ്പ് വേദിയും സജീവമായി ഉപയോഗിക്കാൻ ജനകീയ സമിതി തീരുമാനിച്ചത്.

### ആദിവാസി നിൽപ്പ് സമരം

ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന നിൽപ്പ് സമരം 162 ദിവസം പിന്നിട്ട ശേഷമാണ് ഒത്തുതീർന്നത്. 2001ൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന കുടിൽകെട്ടി സമരം അവസാനിപ്പിച്ച

പ്പോൾ രൂപംനൽകിയ കരാർ വ്യവസ്ഥകൾ സർക്കാർ പാലിക്കാത്തതിനെ തുടർന്നാണ് 2014ൽ വീണ്ടും നിൽപ്പ് സമരവുമായി ആദിവാസി ഗോത്രമഹാസഭ സെക്രട്ടേറിയറ്റിന് മുന്നിലെത്തുന്നത്. നിൽപ്പ് സമരം ഉന്നയിച്ച ആവശ്യങ്ങളെല്ലാം അംഗീകരിക്കുന്ന തരത്തിലുള്ള കരാറാണുണ്ടായത്. 2001 ലെ കരാറിനെ തുടർന്ന് ടി. മാധവമേനോൻ അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയോഗിക്കുകയും ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കുകയും ചെയ്തെങ്കിലും ഒന്നും ഫലപ്രദമായി നടന്നില്ല. 6,777 കുടുംബങ്ങൾക്കാണ് അന്ന് ഭൂമി നൽകിയത്. കരാറിന്റെ അടിസ്ഥാനത്തിലുള്ള ഏറ്റവും വലിയ പദ്ധതി കണ്ണൂരിലെ ആറളം ഫാമിലെ പുനരധിവാസമായിരുന്നു. ആദ്യ കരാർ നടപ്പാക്കത്തതിനെ തുടർന്നുണ്ടായ മുത്തങ്ങ സമരത്തിന്റെ ഫലമായിരുന്നു ആറളം ഫാം പാക്കേജ്.

> കേരളത്തിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള ഗ്രാമപഞ്ചായത്ത് വാർഡാണ് ആദിവാസികളെ പുനരധിവസിപ്പിച്ചിരിക്കുന്ന ആറളം ഫാം. 3100 വോട്ടർമാർ ഈ വാർഡിലുണ്ട്. പിന്നോക്കം നിൽക്കുന്ന ഒരു മേഖലയായി കണക്കാക്കി ഏറ്റവും ചുരുങ്ങിയത് അഞ്ച് വാർഡുകളെങ്കിലുമാക്കി ഒരു ഗ്രാമപഞ്ചായത്തിന്റെ പദവി ഈ പുനരധിവാസ മേഖലയ്ക്ക് നൽകണമെന്ന ആവശ്യമാണ് ഗോത്രമഹാസഭ പിന്തുണയ്ക്കുന്ന സ്ഥാനാർത്ഥികൾ മുഖ്യമായും മുന്നോട്ടുവയ്ക്കുന്നത്.

സ്വകാര്യവനം നിക്ഷിപ്തമാക്കാനും ഭൂരഹിതരായ ആളുകൾക്ക് പതിച്ചുനൽകാനുമുള്ള 1971ലെ സ്വകാര്യവനം നിക്ഷിപ്തമാക്കലും പതിച്ചുനൽകലും നിയമത്തിന്റെ പരിധിയിൽ ആദിവാസികൾക്കുകൂടി ഭൂമി നൽകാൻ വ്യവസ്ഥയുണ്ടായിരുന്നു. വയനാട്ടിൽ മാത്രം 50,000 ഏക്കർ ഭൂമി നൽകണമെന്നായിരുന്നു മാധവമേനോൻ കമ്മീഷൻ റിപ്പോർട്ടിൽ അന്ന് നിർദേശിച്ചത്. വനഭൂമി കൈമാറ്റത്തിന് കേന്ദ്ര സർക്കാരിന്റെയും സുപ്രിംകോടതിയുടെയും അനുമതി ആവശ്യമായിരുന്നു. മുത്തങ്ങ സമരത്തിന് ശേഷം 30,000 ഏക്കർ വനഭൂമി ആദിവാസികൾക്ക് പതിച്ചുനൽകാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ആന്റണി സർക്കാർ കേന്ദ്രത്തിന് അപേക്ഷ നൽകി.19,500 ഏക്കർ ഭൂമി അനുവദിക്കാനാണ് കേന്ദ്രം അനുമതി നൽകിയത്. കർശന വ്യവസ്ഥകളോടെയായിരുന്നു കേന്ദ്രത്തിന്റെ അനുമതി. ഭൂമിക്കായി 560 കോടി രൂപ നൽകണം, വനഭൂമിയും കണ്ടൽ പ്രദേശങ്ങളുമുൾപ്പടെ ജൈവവൈവധ്യമുള്ള പ്രദേശങ്ങൾ വിട്ടുകൊടുക്കണം, പതിച്ചു നൽകുന്ന ഭൂമിയിൽ റവന്യൂ നിയമങ്ങൾക്ക് പകരം വനനിയമങ്ങളായിരിക്കും ബാധകമാവുക തുടങ്ങിയതായിരുന്നു വ്യവസ്ഥകൾ. ഇതിൽ പണമൊഴികെയുള്ള മറ്റെല്ലാം വിഷയങ്ങളും സംസ്ഥാന സർക്കാർ അംഗീകരിച്ചു. പണത്തിന്റെ കാര്യത്തിൽ ഇളവ് കിട്ടാൻ സുപ്രിംകോടതിയെ സമീപിക്കുകയും ചെയ്തു. കേസ് നടന്നുകൊണ്ടിരിക്കെ തന്നെ ഭൂമി പതിച്ചു നൽകണമെന്ന് സുപ്രിംകോടതി ഉത്തരവിട്ടു. ഈ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ 2001ലെ പാക്കേജ് തുടരണം എന്നതായിരുന്നു നിൽപ്പ് സമരത്തിലെ ഒരാവശ്യം.

മറ്റൊന്ന് ആറളം ഫാം ഭൂമിയുടെ കാര്യത്തിലായിരുന്നു. 7500 ഏക്കറാണ് പുനരധിവാസത്തിനായി ആറളം ഫാമിൽ നീക്കിവച്ചത്. ഇതിൽ പകുതി ആദിവാസികളുടെ ക്ഷേമത്തിനായി ഒരു പൊതുമേഖലാ കമ്പനിയിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. എന്നാൽ ഇതെല്ലാം ലംഘിച്ച് ആറളത്ത് സ്വകാര്യവ്യക്തികൾക്ക് പൈനാപ്പിൾ കൃഷിക്ക് സ്ഥലമനുവദിച്ചു. ഈ നടപടികൾ പിൻവലിക്കണമെന്നതായിരുന്നു മറ്റൊരാവശ്യം. ആദിവാസി ഊരുഭൂമി ഭരണഘടനയുടെ അഞ്ചാം പട്ടികയിൽപ്പെടുത്തി ആ മേഖലയിൽ ഗ്രാമസഭാ നിയമം (പെസ) നടപ്പാക്കണം എന്നതായിരുന്നു മറ്റൊരാവശ്യം. മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുക, അട്ടപ്പാടിയിലെ ആദിവാസികൾക്കുള്ള കാർഷിക പാക്കേജ് നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുമാണ് ഇതുകൂടാതെ ഉന്നയിച്ചത്.

കരാറിൽ ഇക്കാര്യങ്ങളെല്ലാം അംഗീകരിക്കപ്പെട്ടെങ്കിലും പൊതുസമൂഹത്തിന്റെ തുടർച്ചയായ സമ്മർദ്ദമുണ്ടെങ്കിലേ ഇതെല്ലാം യാഥാർത്ഥ്യമാകൂ എന്ന് ഗോത്രമഹാസഭ അന്നു തന്നെ വിലയിരുത്തിയിരുന്നു. അതിന്റെ ഭാഗമായാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും ഇടപെടാൻ ഗോത്രമഹാസഭ തീരുമാനിച്ചത്. ആറളം പഞ്ചായത്തിലാണ് ഗോത്രമഹാസഭ പിന്തുണയ്ക്കുന്ന സ്ഥാനാർത്ഥികൾ പ്രധാനമായും മത്സരിക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള ഗ്രാമപഞ്ചായത്ത് വാർഡാണ് ആദിവാസികളെ പുനരധിവസിപ്പിച്ചിരിക്കുന്ന ആറളം ഫാം. 3100 വോട്ടർ

മാർ ഈ വാർഡിലുണ്ട്. പിന്നോക്കം നിൽക്കുന്ന ഒരു മേഖലയായി കണക്കാക്കി ഏറ്റവും ചുരുങ്ങിയത് അഞ്ച് വാർഡുകളെങ്കിലുമാക്കി ഒരു ഗ്രാമപഞ്ചായത്തിന്റെ പദവി ഈ പുനരധിവാസ മേഖലയ്ക്ക് നൽകണമെന്ന ആവശ്യമാണ് ഗോത്രമഹാസഭ പിന്തുണയ്ക്കുന്ന സ്ഥാനാർത്ഥികൾ മുഖ്യമായും മുന്നോട്ടുവയ്ക്കുന്നത്. സംസ്ഥാന സർക്കാർ തത്വത്തിൽ ഇത് അംഗീകരിക്കുകയും പ്രത്യക്ഷ പരിരക്ഷാ പദവി നൽകാൻ കേന്ദ്രത്തിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിശാലമായ ഈ വാർഡിനെ വിഭജിച്ച് അധികാര വികേന്ദ്രീകരണം ഉറപ്പാക്കാൻ നിലവിലുള്ള ഭരണ-പ്രതിക്ഷ കക്ഷികൾ താത്പര്യം കാണിക്കുന്നില്ല എന്നതും ഗോത്രമഹാസഭ ആറളത്ത് പ്രചരണായുധമാക്കുന്നു.

**കാതിക്കുടം**

നിറ്റാ ജലാറ്റിൻ കമ്പനിയുടെ മലിനീകരണത്തിനെതിരെ വർഷങ്ങളായി തുടരുന്ന തൃശൂർ ജില്ലയിലെ കാതിക്കുടം നിവാസികളുടെ സമരവും ഇത്തവണ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നുണ്ട്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിറ്റാ ജലാറ്റിൻ കമ്പനി നിൽക്കുന്ന വാർഡിൽ നിന്നും ഒരു ജനപ്രതിനിധിയെ വിജയപ്പിക്കാൻ കഴിഞ്ഞ ചരിത്രമുള്ള കാതിക്കുടം ആക്ഷൻ കൗൺസിൽ തന്നെയാണ് ഇത്തവണയും നാല് സ്ഥാനാർത്ഥികളുമായി മത്സരരംഗത്ത് സജീവമായുള്ളത്. കാതിക്കുടം 9-ാം വാർഡിൽ നിന്നും കഴിഞ്ഞ വർഷം വിജയിച്ച സമരപ്രവർത്തക ഷെർളി പോൾ ഇത്തവണയും അതേ വാർഡിൽ നിന്നും ജനവിധി തേടുന്നുണ്ട്. കമ്പനിക്കെതിരായ തദ്ദേശീയരുടെ പ്രതിഷേധം തന്നെയായി വിലയിരുത്തപ്പെട്ടതാണ് കഴിഞ്ഞ തവണത്തെ ഷെർളി പോളിന്റെ വിജയം. ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പുകൂടി ആഗതമായിട്ടും കാതിക്കുടം സമരം ഉന്നയിക്കുന്ന കാര്യങ്ങളിൽ തീരുമാനങ്ങളൊന്നുമെടുക്കാൻ സർക്കാറിന് കഴിയാത്തതിൽ പ്രതിഷേധിച്ചാണ് ആക്ഷൻ കൗൺസിൽ സ്ഥാനാർത്ഥികളുമായി മുന്നിട്ടിറങ്ങിയത്.

1975 ലാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ജപ്പാൻ കമ്പനിയായ നിറ്റാ ജലാറ്റിൻ ഇൻകോർപ്പറേറ്റഡും സംയുക്തമായി, തദ്ദേശീയർക്ക് ജോലി സാദ്ധ്യത എന്ന മോഹന വാഗ്ദാനം നൽകി കടന്നുവരുന്നത്. 1979 ൽ കമ്പനി പ്രവർത്തനമാരംഭിക്കുന്നു. പിന്നീട് 2008 ൽ ആഗോള വിപണി ലക്ഷ്യംവച്ച് കമ്പനിയുടെ പേര് നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ് എന്നാക്കി മാറ്റുന്നു. ഇന്ത്യക്കാരും ജപ്പാൻകാരുമാണ് കമ്പനി ഡയറക്ടർ ബോർഡിലുള്ളത്. കന്നുകാലികളുടെ എല്ലും സൾഫ്യൂരിക്കാസിഡുമാണ് കമ്പനിയുടെ പ്രധാന അസംസ്കൃത വസ്തു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കമ്പനി പ്രതിദിനം 120 ടൺ എല്ലും 1.2 ലക്ഷം ലിറ്റർ ഹൈഡ്രോക്ലോറിക്കാസിഡും ഉപയോഗിക്കുന്നു. ഇതിനായി 62 ലക്ഷം ലിറ്റർ ജലം യാതൊരു അനുമതിയുമില്ലാതെ ചാലക്കുടി പുഴയിൽ നിന്നും എടുക്കുന്നു. ഉപയോഗ ശേഷം അവശേഷിക്കുന്ന വിഷജലം യാതൊരു മലിനീകരണ നിയന്ത്രണവുമില്ലാതെ ചാലക്കുടിപുഴയിലേക്ക് തന്നെ തിരിച്ചൊഴുക്കുന്നു. ഗുണനിലവാരമില്ലാത്ത സൾഫ്യൂരിക്കാസിഡ് ഉപയോഗിക്കുന്നതിനാൽ ലെഡ്, ലിഥിയം തുടങ്ങിയ മാരകമായ ലോഹസംയുക്തങ്ങൾ ഉപോൽപ്പന്നമായി ഉണ്ടാകുന്നു. ഇങ്ങനെ ഉണ്ടാകുന്ന വിഷസംയുക്തങ്ങളാണ് കമ്പനി പുഴയിലേക്ക് ഒഴുക്കുന്നതും ഖരമാലിന്യങ്ങളായി പറമ്പിൽ കുഴിച്ചുമൂടുന്നതും. മഴക്കാലത്ത് ഈ ഖരമാലിന്യങ്ങൾ ജലത്തോടൊപ്പം സമീപപ്രദേശങ്ങളിലെ കിണറുകളിലേക്കും തോടുകളിലേക്കും ഒലിച്ചിറങ്ങുന്നു. ചാലക്കുടിപുഴയിൽ പലതവണ മത്സ്യങ്ങൾ ചത്തുപൊങ്ങുകയുണ്ടായി. കമ്പനി പ്രവർത്തനം തുടങ്ങിയ കാലം മുതൽ കമ്പനിയുടെ മലിനീകരണത്തിനെതിരെ തദ്ദേശവാസികൾ സമരത്തിലാണ്. 2009ലാണ് നിലവിലുള്ള ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ തുടർച്ചയായ സമരങ്ങൾ തുടങ്ങുന്നത്. പഞ്ചായത്തീരാജ് നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് പഞ്ചായത്തിന്റെ അനുമതിയില്ലാ



തെ കോടതിയുടെ ഒരു ഇടക്കാല ഉത്തരവിന്റെ മാത്രം പിൻബലത്തിൽ കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നത്. 120 പേരുടെ തൊഴിൽ നഷ്ടമാകുമെന്ന കാരണത്താൽ തൊഴിലാളി യൂണിയനുകൾ സമരത്തിനെതിരായി നിൽക്കുന്ന സാഹചര്യവും വർഷങ്ങളായി കാതിക്കുടത്തുണ്ട്. കമ്പനിയുടെ 250 മീറ്റർ ചുറ്റളവിൽ ജനവാസമില്ലെന്ന കള്ളം പറഞ്ഞുകൊണ്ടാണ് നിറ്റാജലാറ്റിൻ പ്രവർത്തനാനുമതി നേടിയെടുത്തിരിക്കുന്നത്. കമ്പനിയുടെ 10 മീറ്റർ പരിധിയിൽ താമസിക്കുന്ന നൂറിലേറെ കുടുംബങ്ങൾ ഇതിനെ ചോദ്യം ചെയ്തിട്ടും നടപടിയൊന്നുമുണ്ടായില്ല. 2013ൽ കേരള ഹൈക്കോടതി സിംഗിൾബഞ്ച് വിധി പ്രകാരം നീറിയെ (നാഷണൽ എൻവിയോൺമെന്റ് എൻജിനിയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) നിറ്റാജലാറ്റിന്റെ മലിനീകരണത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്നു. 90 ദിവസത്തെ പഠനത്തിന് ശേഷം നീറി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. നിറ്റാജലാറ്റിൻ കമ്പനി ചെലവു വഹിച്ച ഈ പഠനത്തിൽ മലിനീകരണം തടയാൻ 24 നിർദ്ദേശങ്ങളാണ് നീറി മുന്നോട്ടുവച്ചത്. എന്നാൽ നീറി റിപ്പോർട്ട് സമർപ്പിക്കപ്പെട്ട് ആറ് മാസം കഴിഞ്ഞ്, തൃശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന പുനരവലോകനത്തിൽ ചാലക്കുടിപുഴയിലേക്ക് കമ്പനി ഒഴുക്കുന്ന വെള്ളത്തിൽ ക്ലോറൈഡും ടോട്ടൽ ഡിസോൾവിംഗ് സോളിഡും കൂടിയതായാണ് കണ്ടെത്തിയത്. എന്നിട്ടും മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്കെതിരെ നടപടിയെടുക്കാൻ തയ്യാറായിട്ടില്ല. പി.സി.ബി ചെയർമാൻ കമ്പനിക്ക് താത്കാലിക അനുമതി നൽകിയതിനെതിരെ ആക്ഷൻ കൗൺസിൽ ഹൈക്കോടതിയിൽ കേസ് നടത്തിവരുകയാണ്.

ഇക്കാര്യങ്ങളുന്നയിച്ചാണ് ആക്ഷൻ കൗൺസിൽ പിന്തുണയ്ക്കുന്ന സ്വതന്ത്ര സ്ഥാനാർത്ഥികൾ ജനവിധി തേടുന്നത്. ആക്ഷൻ കൗൺസിൽ കൺവീനറായ അനിൽകുമാർ കൊരട്ടി ഡിവിഷനിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്കാണ് മത്സരിക്കുന്നത്.

**പൊമ്പിള ഒരുമൈ**

സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം നിർണയിക്കുന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി (പി.എൽ.സി) എന്ന ത്രികക്ഷി സമിതിയുടെ യോഗം തിരുവനന്തപുരത്ത് നടക്കുന്ന സമയത്താണ് മൂന്നാറിൽ പുതിയ സമരചരിത്രം കുറിച്ച പൊമ്പിള ഒരുമൈ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിക്കുന്നത്. അതായത് സമരത്തിന്റെ കാര്യത്തിൽ ഒരു അന്തിമ തീരുമാനമാകുന്നതിന് മുമ്പുതന്നെ തെരഞ്ഞെടുപ്പിലേക്കും സമരവീര്യം പകരാൻ പൊമ്പിള ഒരുമൈ തീരുമാനിച്ചിരുന്നു. മൂന്നാർ ടൗണിലെ സമരപന്തലിലെത്തി മുദ്രാവാക്യം മുഴക്കിയശേഷമാണ് വിവിധ ഇടങ്ങളിലേക്ക് പൊമ്പിള ഒരുമൈയുടെ സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനായി പോയത്. ഐതിഹാസിക സമരത്തിന്റെ അലയൊലികൾ അടങ്ങാതിരിക്കാൻ 39 വർഡുകളിലും 7 ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളിലും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെ നേരിടുന്നതിനാണ് പൊമ്പിള ഒരുമൈ തീരുമാനിച്ചത്. സ്ത്രീ തോട്ടം തൊഴിലാളികൾ ഏറെയും തിങ്ങിപ്പാർക്കുന്ന മൂന്നാർ, ദേവികുളം, പള്ളിവാസൽ, മാട്ടുപ്പെട്ടി തുടങ്ങിയ പഞ്ചായത്തുകളിലായാണ് ഇവർ മത്സരിക്കുന്നത്. രണ്ട് ജില്ലാപഞ്ചായത്ത് സീറ്റുകളിലും ഇവർക്ക് സ്ഥാനാർത്ഥികളുണ്ട്. 2015 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ച ആദ്യഘട്ട സമരം ഒമ്പത് ദിവസം പിന്നിട്ടപ്പോൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ തൊഴിലാളികൾക്ക് 20 ശതമാനം ബോണസ് ഇനത്തിൽ നൽകാൻ തീരുമാനമാവുകയും സമരം അവസാനിക്കുകയും ചെയ്തിരുന്നു. എന്നാൽ മിനിമം കൂലി 500 രൂപ ആക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകാത്തതിനെ തുടർന്ന് സ്ത്രീ തൊഴിലാളികൾ സെപ്തംബർ 30ന് വീണ്ടും സമരം ആരംഭിച്ചു. ട്രേഡ് യൂണിയനുകളും ഇതേ ആവശ്യമുന്നയിച്ച് സമരത്തിനെത്തിയെങ്കിലും പൊമ്പിള ഒരുമൈ അവരുടേതായ സ

> ഒടുവിൽ ഒക്ടോബർ 14ന് കൂടിയ പി.എൽ.സി യോഗത്തിലാണ് കൂലിവർദ്ധനവിന്റെ കാര്യത്തിൽ തീരുമാനമായത്. തേയില നുള്ളുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതനം 232ൽ നിന്ന് 301 രൂപയാക്കാനും നുള്ളുന്ന തേയിലയുടെ അളവ് 21 കിലോയെന്നത് 25 കിലോയാക്കാനും തീരുമാനമായി. പൊമ്പിള ഒരുമൈയും തൊഴിലാളി യൂണിയനുകളും ഇത് അംഗീകരിച്ച തോടെയാണ് സമരം താത്കാലികമായി അവസാനിച്ചത്. എന്നാൽ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള തീരുമാനവുമായി പൊമ്പിള ഒരുമൈ മുന്നോട്ടുപോയി.

മരവുമായി മുന്നോട്ടുപോവുകയായിരുന്നു. ഒടുവിൽ ഒക്ടോബർ 14ന് കൂടിയ പി.എൽ.സി യോഗത്തിലാണ് കൂലിവർദ്ധനവിന്റെ കാര്യത്തിൽ തീരുമാനമായത്. തേയില നുള്ളുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതനം 232ൽ നിന്ന് 301 രൂപയാക്കാനും നുള്ളുന്ന തേയിലയുടെ അളവ് 21 കിലോയെന്നത് 25 കിലോയാക്കാനും തീരുമാനമായി. പൊമ്പിള ഒരുമൈയും തൊഴിലാളി യൂണിയനുകളും ഇത് അംഗീകരിച്ചതോടെയാണ് സമരം താത്കാലികമായി അവസാനിച്ചത്. എന്നാൽ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള തീരുമാനവുമായി പൊമ്പിള ഒരുമൈ മുന്നോട്ടുപോയി. സ്ഥാനാർത്ഥികളില്ലാത്ത സ്ഥലത്ത് ആരെയും പിന്തുണയ്ക്കേണ്ടതില്ലെന്നും തീരുമാനിച്ചു. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ജനപിന്തുണ അനുകൂലമെങ്കിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും ഇവർ ആലോചിക്കുന്നുണ്ട്. യൂണിയനുകളും സർക്കാറും മാനേജ്മെന്റും ഗൂഡാലോചന നടത്തിയാണ് 301 രൂപ എന്ന വേതനകരാറുണ്ടാക്കിയതെന്നും തങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കാൻ അവസരമില്ലാത്തതിനാൽ അതിനെ അവിടെ എതിർക്കാൻ കഴിഞ്ഞില്ലെന്നുമുള്ള വിഷയം പൊമ്പിള ഒരുമൈ കാമ്പയിനിന്റെ ഭാഗമായി ഉയർത്തിക്കാണിക്കുന്നുണ്ട്. കൂലികൂട്ടിത്തന്നില്ലെങ്കിൽ തെരഞ്ഞെടുപ്പിന് ശേഷം മെല്ലെപ്പോക്ക് സമരം നടത്താനും ഇവർ തീരുമാനിച്ചിട്ടുണ്ട്. എന്തായാലും ഈ സ്ത്രീ മുന്നേറ്റത്തെ നേരിടാൻ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ സർവ്വസന്നാഹങ്ങളുമായി രംഗത്തുള്ളതിനാൽ തെരഞ്ഞെടുപ്പ് ഫലം പൊമ്പിള ഒരുമൈയെ സംബന്ധിച്ച് വളരെ നിർണ്ണായകമാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

**മൂലമ്പിള്ളി സമരം**

കൊച്ചിയിലെ വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ തുറമുഖത്തിലേക്കുള്ള റെയിൽ-റോഡ് നിർമ്മാണങ്ങളുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട മൂലമ്പിള്ളി നിവാസികൾ മുമ്പും തെരഞ്ഞെടുപ്പുകൾ മത്സരിച്ചുകൊണ്ട് തങ്ങളുടെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഇനിയും മാന്യമായ പുനരധിവാസ സൗകര്യങ്ങളൊരുക്കാത്തതിൽ പ്രതിഷേധിച്ച് കോർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇത്തവണയും അവർ തെരഞ്ഞെടുപ്പ് രംഗത്തെ സമരവേദിയാക്കി. എന്നാൽ ഇത്തവണ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്തിക്കൊണ്ടുള്ള സമരമല്ല കോർഡിനേഷൻ കമ്മിറ്റി രൂപപ്പെടുത്തിയിരിക്കുന്നത്. വികസനത്തെക്കുറിച്ചുള്ള രാഷ്ട്രീയ പാർട്ടികളുടെ കപട വാഗ്ദാനങ്ങളിൽ ജനങ്ങൾ വഞ്ചിതരാകരുത് എന്ന താക്കീതുമായി തങ്ങളുടെ അനുഭവം തുറന്നുകാണിച്ചുകൊണ്ടുള്ള ഒരു പ്രചരണം നടത്തുകയാണ് കുടിയൊഴിപ്പിക്കപ്പെട്ടവരുടെ സമരവേദി. വികസന പ്രവർത്തനങ്ങൾക്ക് പിന്തുണ വേണമെന്ന് പറഞ്ഞുകൊണ്ട് വോട്ടു ചോദിക്കുന്ന രാഷ്ട്രീയകക്ഷികൾ ശരിക്കും ആരുടെ വികസനമാണ് ഉദ്ദേശിക്കുന്നതെന്ന് ഈ കാമ്പയിൻ തുറന്നുകാണിക്കുന്നു.

മൂലമ്പിള്ളി, മുളവുകാട്, കോതാട്, വടുതല, ചേരാനല്ലൂർ, ഇടപ്പള്ളി, എളമക്കര, ഏലൂർ, മഞ്ഞുമ്മൽ, കളമശ്ശേരി എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഏഴ് വില്ലേജുകളിൽ നിന്ന് 316 കുടുംബങ്ങളെയാണ് കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റോഡ്-റെയിൽ ബന്ധങ്ങൾ നിർമ്മിക്കുവാനായി 2008-ൽ യാതൊരു പുനരധിവാസവുമില്ലാതെ സർക്കാർ ബലംപ്രയോഗിച്ച് കുടിയൊഴിപ്പിച്ചത്. തുടർന്ന് ഉയർന്നുവന്ന ജനകീയ പ്രക്ഷോഭത്തിന്റെ ഫലമായി 2008 മാർച്ച് 19-ന് മൂലമ്പിള്ളി പാക്കേജ് എന്ന പുനരധിവാസ ഉത്തരവ് അന്നത്തെ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നിവേദിത പി. ഹരൻ വിജ്ഞാപനം ചെയ്തു. കേരള ഹൈക്കോടതി 2008 ജൂൺ 20ന് പുറപ്പെടുവിച്ച സുപ്രധാന വിധിയിലൂടെ മൂലമ്പിള്ളി പാക്കേജിന്റെ ഗുണഫലങ്ങൾ അതിനർഹരായ മുഴുവൻ കുടുംബങ്ങൾക്കും സർക്കാർ സമയബന്ധിതമായി നൽകണമെന്ന് നിഷ്ക്കർഷിച്ചു. ഏഴ് വർഷങ്ങൾക്കുശേഷവും വഴിയാധാരമാക്കപ്പെട്ട 316 കുടുംബങ്ങളിൽ കേവലം 38 കുടുംബങ്ങൾക്ക് മാത്രമാണ്, തങ്ങളുടെ സ്വന്തം ചെലവിൽ, സർക്കാർ പതിച്ചു നൽകിയ നാല് സെന്റ് ചതുപ്പ് ഭൂമിയിൽ വിടുനിർമ്മിക്കാൻ ഇതുവരെയായത്. ശേഷിക്കുന്ന ബഹുഭൂരിപക്ഷം കുടുംബങ്ങളും താൽക്കാലിക ഷെഡുകളിലും, വാടകയ്ക്കും പണയത്തിനുമെടുത്ത കെട്ടിടങ്ങളിലും നരകതുല്യമായ സാഹചര്യത്തിൽ ജീവിതം തള്ളിനീക്കുകയാണ്. എന്നിട്ടും ബലപ്രയോഗത്തിലൂടെ സ്ഥലം ഏറ്റെടുത്ത റവന്യൂ ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രിയും പാരിതോഷികങ്ങളും സർക്കാർ നൽകി. ബലപ്രയോഗം നടത്തി സ്ഥലം ഏറ്റെടുത്ത റവന്യൂ ഉദ്യോഗസ്ഥർക്ക് തന്നെയാണ് സർക്കാർ പുനരധിവാസ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. സ്വതന്ത്ര ചുമതലയുള്ള ഒരുദ്യോഗസ്ഥനെ നിയമിക്കണമെന്ന ഡിമാന്റ് ഇപ്പോഴും സർക്കാർ അംഗീകരിച്ചിട്ടില്ല. ഏറ്റെടുത്ത വസ്തുവകകൾക്ക് സർക്കാർ നൽകിയ നാമമാത്രമായ നഷ്ടപരിഹാരത്തുകയിൽ നി

*⇨ മലിനീകരിക്കുന്ന വ്യവസായങ്ങൾ അടച്ചുപൂട്ടാൻ ആവശ്യപ്പെടുമെന്നും ട്രിബ്യൂണൽ പറഞ്ഞു ⇨*

ന്ന് പുനരധിവാസ ഉത്തരവിന് വിരുദ്ധമായി ഈടാക്കിയ 12% കേന്ദ്രവരുമാന നികുതി ഇതുവരെ തിരിച്ച് നൽകിയിട്ടില്ല. ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങളിലെ ഒരാൾക്കുവീതം പദ്ധതിയിൽ തൊഴിൽ നൽകുമെന്നുമുള്ള ഉത്തരവും ജലരേഖയായിത്തുടരുന്നു. പ്രക്ഷോഭണത്തിൽ ഏർപ്പെട്ടിരുന്നവർക്കെതിരെ 2007-ൽ ചാർജ് ചെയ്ത കള്ളക്കേസുകൾപോലും ഇതുവരെ പിൻവലിച്ചിട്ടില്ല. തന്നിരിക്കുന്ന പുനരധിവാസ ഭൂമിയുടെ പട്ടയം ഈടായി സ്വീകരിച്ച് ബാങ്കുകൾ വായ്പ നൽകാത്തതിനാൽ വീടുകൾ നിർമ്മിക്കാനാകുന്നില്ല. പുനരധിവാസ ഭൂമിയിലെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുന്നതുവരെ ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് വാടക നൽകണമെന്ന നിബന്ധനയും പാലിക്കപ്പെടുന്നില്ല.




തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി ഈ വസ്തുതകളെല്ലാം ജനസമക്ഷം കൊണ്ടുവരുക എന്നതാണ് കോർഡിനേഷൻ കമ്മിറ്റി ലക്ഷ്യമാക്കുന്നത്.

**പെരിയാർ മലിനീകരണം**

പെരിയാറിലേക്ക് രാസമാലിന്യങ്ങൾ ഒഴുക്കിവിടുന്ന എറണാകുളം ജില്ലയിലെ ഏലൂർ, എടയാർ മേഖലയിലുള്ള വ്യവസായശാലകൾക്കെതിരായ നാട്ടുകാരുടെ സമരം 17 വർഷം പിന്നിടുകയാണ്. 1998ൽ പെരിയാറിലുണ്ടായ അതിഭീകരമായ മത്സ്യക്കുരുതിയെ തുടർന്നാണ് പെരിയാൽ മലിനീകരണ വിരുദ്ധ സമിതി രൂപീകരിക്കപ്പെടുന്നതും തുടർച്ചയായ സമരങ്ങൾ ഏലൂർ-എടയാർ വ്യവസായ മേഖലിയിൽ നടക്കുന്നതും. ജനകീയ സമരങ്ങളും ജനകീയ പഠനങ്ങളും ഏറെ നടക്കുകയും പെരിയാറിലേക്ക് രാസമാലിന്യമൊഴുക്കുന്നതിന്റെ ദുരിതങ്ങൾ ആർക്കും വ്യക്തമാകുംവിധം വെളിപ്പെടുകയും ചെയ്തിട്ടും അധികൃതരുടെ ഭാഗത്ത് നിന്നും ഫലപ്രദമായ ഇടപെടലുകളൊന്നും ഈ വിഷയത്തിലുണ്ടായിട്ടില്ല. പെരിയാർ ഇപ്പോഴും ഇടയ്ക്കിടെ നിറം മാറിയൊഴുകാറുണ്ട്. മത്സ്യങ്ങൾ ഇപ്പോഴും ഇടയ്ക്കിടെ ചത്തുപൊന്താറുണ്ട്. അതിനിടെ, കേരളാ ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി പെരിയാറിൽ നടത്തിയ പഠനങ്ങളുടെ ഫലം ഞെട്ടിക്കുന്നതാണെന്ന് കഴിഞ്ഞ സെപ്തംബർ മാസം ദേശീയ ഹരിത ട്രിബ്യൂണൽ ചെന്നൈ ബഞ്ച് പറഞ്ഞിരുന്നു. ജനജാഗ്രതാ സമിതി നൽകിയ കേസ് പരിഗണിക്കവെയാണ് ട്രിബ്യൂണൽ ഈ നിരീക്ഷണം നടത്തിയത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയോട് കോടതിയിൽ ഹാജരാകാനും മലിനീകരണത്തിനെതിരെ ഇതുവരെ എന്തെല്ലാം നടപടികളെടുത്തു എന്നത് വ്യക്തമാക്കാനും ട്രിബ്യൂണൽ ആവശ്യപ്പെട്ടു. റിപ്പോർട്ടുകൾ തൃപ്തികരമല്ലെങ്കിൽ മലിനീകരിക്കുന്ന വ്യവസായങ്ങൾ അടച്ചുപൂട്ടാൻ ആവശ്യപ്പെടുമെന്നും ട്രിബ്യൂണൽ പറഞ്ഞു.

മലിനീകരണ നിയന്ത്രണ ബോർഡിനെതിരെ സ്ഥിരമായി പരാതി ഉയർന്നതിനെ തുടർന്ന്, പെരിയാർ മലിനീകരണത്തെക്കുറിച്ച്

➩ മൂന്ന് പഞ്ചായത്തുകളിലായി 18 സൈറ്റുകളിലാണ് ഖനനം നടക്കുന്നത് ➩

പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച ഡോ. ബിജോയ് നന്ദൻ അദ്ധ്യക്ഷനായ വിദഗ്ധ സമിതിയും കമ്പനികളെ വെള്ളപൂശുന്ന തരത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതിനെതിരെയും ജനങ്ങളുടെ ഭാഗത്ത് നിന്നും വലിയ പ്രതിഷേധമുണ്ടാവുകയും ഡോ. ബിജോയ് നന്ദൻ റിപ്പോർട്ട് കത്തിക്കുന്നതടക്കമുള്ള സമരപരിപാടികൾ നടത്തപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് മുന്നിലെത്തുന്നത്. പെരിയാർ മലിനീകരണത്തിന്റെ പ്രശ്നങ്ങൾ വളരെ രൂക്ഷമായ സമയമായതിനാൽ തെരഞ്ഞെടുപ്പിലും ഇടപെട്ടുകൊണ്ട് ഇക്കാര്യങ്ങൾ ചർച്ചയാക്കുന്നതിന് ജനജാഗ്രതാ സമിതി തീരുമാനിക്കുകയുണ്ടായി. ഏലൂർ നഗരസഭയിലെ മൂന്ന് വാർഡുകളിലും കടുങ്ങല്ലൂർ പഞ്ചായത്തിലെ ഒരു വാർഡിലുമായാണ് പെരിയാർ മലിനീകരണ വിരുദ്ധ സമരത്തിന്റെ പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥികൾ മത്സരിക്കുന്നത്.

കളിമൺ ഖനനത്തിനെതിരെ മംഗലപുരം, അഴൂർ, അണ്ടൂർക്കോണം പഞ്ചായത്തുകളിലെ വിവിധ ഖനന പ്രദേശങ്ങളിൽ വർഷങ്ങളായി ചെറിയ തോതിലുള്ള സമരങ്ങൾ നടക്കുന്നുണ്ട്. ആ സമരങ്ങളെല്ലാം ഒന്നിച്ചുചേർന്ന് ഒരു വലിയ ജനകീയ സമരമായി മാറാനുള്ള ആലോചനകൾ നടക്കുന്ന സാഹചര്യത്തിലാണ് 'ജനശക്തി' സമരസമിതി തെരഞ്ഞെടുപ്പിലും മത്സരിക്കാൻ തീരുമാനിച്ചത്.

**മംഗലപുരം സമരം**

കളിമണ്ണ് ഖനനത്തിനെതിരായി (ചൈനാ ക്ലേ) ഏറെക്കാലമായി നാട്ടുകാരുടെ മുൻകൈയിൽ സമരം നടക്കുന്ന സ്ഥലമാണ് തിരുവനന്തപുരം ജില്ലയിലെ മംഗലപുരം പഞ്ചായത്ത്. 'ജനശക്തി' എന്ന പേരിലുള്ള ക്ലേ വിരുദ്ധ സമര സമിതി ഇത്തവണ ഇവിടെ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നുണ്ട്. നാലിടത്താണ് സമിതി സ്വന്തം സ്ഥാനാർത്ഥികളെ നിർത്തിയിരിക്കുന്നത്. കളിമണ്ണ് ഖനനത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ടാണ് ഈ സ്ഥാനാർത്ഥികൾ ഇവിടെ വോട്ട് അഭ്യർത്ഥിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ വെയിലൂർ ഡിവിഷനിലും മംഗലപുരം ഗ്രാമപഞ്ചായത്തിലെ മൂന്ന് വാർഡുകളിലുമാണ് ഈ സ്ഥാനാർത്ഥികൾ മത്സരിക്കുന്നത്. കളിമൺ ഖനനത്തിനെതിരെ മംഗലപുരം, അഴൂർ, അണ്ടൂർക്കോണം പഞ്ചായത്തുകളിലെ വിവിധ ഖനന പ്രദേശങ്ങളിൽ വർഷങ്ങളായി ചെറിയ തോതിലുള്ള സമരങ്ങൾ നടക്കുന്നുണ്ട്. ആ സമരങ്ങളെല്ലാം ഒന്നിച്ചുചേർന്ന് ഒരു വലിയ ജനകീയ സമരമായി മാറാനുള്ള ആലോചനകൾ നടക്കുന്ന സാഹചര്യത്തിലാണ് 'ജനശക്തി' സമരസമിതി തെരഞ്ഞെടുപ്പിലും മത്സരിക്കാൻ തീരുമാനിച്ചത്. ചെറിയ പ്രതിഷേധങ്ങളെ ഏകോപിക്കുന്നതിന്റെ ഭാഗമായി ഈ ജൂലായ് മാസത്തിൽ വാലികോണത്ത് വച്ച് വലിയ പ്രതിഷേധ സംഗമം വിവിധ സമര സമിതികളുടെ മുൻകൈയിൽ നടത്തിയിരുന്നു. ഒരു നിബന്ധനകളും പാലിക്കാതെയാണ് മംഗലപുരത്തും സമീപ പ്രദേശങ്ങളിലും ഖനനം നടക്കുന്നത്. മൂന്ന് പഞ്ചായത്തുകളിലായി 18 സൈറ്റുകളിലാണ് ഖനനം നടക്കുന്നത്. 12 കമ്പനികളാണ് ഇപ്പോൾ ഖനനത്തിലുള്ളത്.

**ഇനിയുമുണ്ട് ഏറെ...**

ഈ ലിസ്റ്റ് ഇങ്ങനെ നീണ്ടുപോകുന്നു. പരിസ്ഥിതിയും മനുഷ്യാന്തസ്സും സംരക്ഷിക്കുന്നതായി നടക്കുന്ന ഒട്ടേറെ പോരാട്ടങ്ങൾ തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നുണ്ട്. ക്വാറിവിരുദ്ധ സമരം നടക്കുന്ന കലഞ്ഞൂർ പഞ്ചായത്തിൽ പശ്ചിമഘട്ട സംരക്ഷണ സമിതിക്ക് സ്ഥാനാർത്ഥികളുണ്ട്. മുതലമടയിലെ ക്വാറി വിരുദ്ധസമരങ്ങൾ ആം ആദ്മി പാർട്ടിയേയും കക്ഷിരാഷ്ട്രീയത്തിന് അതീതമായി സമരത്തിന് പിന്തുണ നൽകിയ വ്യക്തികളെയും പിന്തുണയ്ക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. സമാനമായ നിരവധി ക്വാറി വിരുദ്ധ സമരങ്ങൾ സ്ഥാനാർത്ഥികളെ നിർത്തിയും അല്ലാതെയും തെരഞ്ഞെടുപ്പിൽ തങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ പ്രതിഫലിപ്പിക്കുന്നുണ്ട്. അതുപോലെ പങ്കെടുത്തും ബഹിഷ്കരിക്കും എത്രയോ പ്രതിസ്വരങ്ങൾ. അപൂർണ്ണമായ ഈ ലിസ്റ്റ് പൂർത്തീകരിക്കുക എന്ന ദൗത്യം ജനകീയ സമരങ്ങളുടെ ഏകോപനത്തിനായി ശ്രമിക്കുന്ന എല്ലാവരുടെയും രാഷ്ട്രീയ ചുമതലയായിതിനാൽ ഇതിവിടെ നിർത്തട്ടെ. ■

**ക്ലൈമറ്റ് മാർച്ച്**

**2015 നവംബർ 29ന് ഉച്ചതിരിഞ്ഞ്**
**വാഴച്ചാൽ-അതിരപ്പിള്ളി**

"ഈ ഉഷ്ണമേഖലാ വനങ്ങൾ സംരക്ഷിക്കാം.
കാലാവസ്ഥാ വ്യതിയാന ഭീഷണികൾ കുറയ്ക്കാം."

**ബന്ധങ്ങൾക്ക്: 9847283120**